(ബി) ലഭ്യമാണ്.

(സി) പ്രവർത്തനക്ഷമമാണ്.

(ഡി)&(ഇ) ലീഡിംഗ് ചാനലിന്റെ വീതിയും ആഴവും കൂട്ടിയാൽ തോട്ടപ്പള്ളി സ്പിൽവേയുടെ പ്രയോജനം കൂടുതൽ ഫലപ്രദമാക്കാനാകും. ഇക്കാര്യം വിശദമായ പഠനങ്ങൾക്ക് ശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്തുന്നതാണ്.

കുടപ്പുഴ ചെക്ക് ഡാം

41 (3440)പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി കുടപ്പുഴ ചെക്ക് ഡാം പണി ഈ സീസണിൽ തന്നെ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കുടപ്പുഴ ചെക്ക് ഡാം പണിയുടെ കരാർ ഏറ്റെടുത്തു നടത്തിയിരുന്ന കരാറുകാരൻ 45 ശതമാനം പണി പൂർത്തിയായപ്പോൾ കൂടുതൽ ആനുകൂല്യങ്ങൾ നേടി എടുക്കുന്നതിനായി പണി നിർത്തിവയ്ക്കുകയും, ബഹു.ഹൈക്കോടതി മുമ്പാകെ ഹർജി നൽകുകയും ചെയ്തു. ആയതിന്റെ നടപടി ഹൈക്കോടതിയിൽ നടന്നുവരികയാണ്. കോടതിയുടെ തീരുമാനത്തിന് വിധേയമായി തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം

42 (3441)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള 28 സബ് ഡിവിഷൻ ഓഫീസുകൾ പഞ്ചായത്തുകൾക്ക് കീഴിലാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) കേരള വാട്ടർ അതോറിറ്റി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്ന ജലവിതരണ പദ്ധതികൾക്കും പുതിയ ജലവിതരണ പദ്ധതികളുടെ നിർമ്മാണത്തിനും, ജീവനക്കാരുടെ കുറവ് ഉണ്ടായിരിക്കെ ഇത്രയും ഓഫീസുകളും. ജീവനക്കാരും കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് വിട്ടു പോകുന്നത് ഈ നിർമ്മാണ പ്രവർത്തനങ്ങളെ (എ.ആർ.പി.എൽ.ഐ.സി. ഹഡ്കോ പദ്ധതികൾ) സാരമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരള വാട്ടർ അതോറിറ്റിയിൽ ജലവിതരണ പദ്ധതികൾ പ്രവർത്തിപ്പിക്കുവാനും നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാനും ജീവനക്കാരുടെ സാരമായ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വാട്ടർ അതോറിറ്റിയിൽ ആവശ്യമുള്ള ജീവനക്കാരെ കൂടുതലായി ഉൾപ്പെടുത്തി, പുനർ വിന്യസിച്ച് പുഃസംഘടിപ്പിച്ചാൽ വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly